**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5475** **05-07-2024 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറ നിരീക്ഷണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത നിയമ ലംഘനങ്ങൾ തടയുന്നതിനായി സേഫ് കേരള പദ്ധതിക്ക് കീഴിൽ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികൾ 2022, 2023 കാലയളവിൽ പുതിയതായി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമാ യി നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടുത് തി മോട്ടോർ വാഹന നിയമലംഘനങ്ങ ൾ കണ്ടെത്തുന്ന പദ്ധതിയാണ് Fully Automated Traffic Enforcement System'.<br><br>സംസ്ഥാനത്താ് റോഡ് അപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളും ഗുരുതര പരുക്കുകളും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ത്. ഹെൽമെറ്റ് ധരിക്കാതെയുള്ള ഇരു ചക്രവാഹന യാത്ര, സീറ്റ് ബെൽറ്റ് ധരിക്കാതെയുള്ള യാത്ര, വാഹനം ഓടിക്കുമ്പോൾ ഉള്ള മൊബൈൽ ഫോൺ ഉപയോഗം, അമിതവേഗം, റെഡ് ലൈറ്റ് ലംഘിക്കൽ മുതലായ ട്രാഫിക് നിയമ ലംഘനങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞാൽ വലിയ ശതമാനം റോഡപകടമരണങ്ങളും ഗുരുതര പരുക്കുകളും ഒഴിവാക്കാൻ കഴിയും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മോട്ടോർ വാഹന വകുപ്പ് സേഫ് കേരള പദ്ധതിയുട ടെ ഭാഗമായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ വിഭാവന ചെയ്ത വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണ് Fully Automated Traffic Enforcement System'.<br><br>ഇതിന്റെ ഭാഗമായി സംസ്ഥാനത്തു 12 ജില്ലകളിലായി എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമുകളും ഒരു ഡാറ്റാ സെന്റർ അടങ്ങു ന്ന സെൻട്രൽ കൺട്രോൾ റൂമും സ്ഥാപിച്ചിട്ടുണ്ട്. 675 എ ഐ അധിഷ്ഠിത എൻഫോഴ്സ്മെന്റ് സംവിധാനങ്ങളും 25 പാർക്കിംഗ് വയലേഷൻ കണ്ടെത്താനുള്ള സംവിധാനങ്ങളും, 8 അമിത വേഗം കണ്ടെത്താനുള്ള സംവിധാനങ്ങളും, 18 റെഡ് ലൈറ്റ് വയലേഷൻ കണ്ടെത്താനുള്ള സംവിധാനങ്ങളും ആണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ സംവിധാനങ്ങൾ വഴി ക ണ്ടെത്തുന്ന |

| | | | |
|---|---|---|---|
| | | | നിയമലംഘനങ്ങൾ അതാത് ജില്ലാ കൺട്രോൾ റൂമുകളിൽ നിന്നും ബന്ധപ്പെട്ട മോട്ടോർ വാഹന വകുപ്പ് ഉദ്യോഗ സ്ഥരുടെ അംഗീകാരത്തിനു ശേഷം വാഹന ഉടമകൾക്ക് നോട്ടീസ് ആയി അയക്കുന്നു. ഇതിനു ആവശ്യമായ എല്ലാ ഐ.റ്റി ഉപകരണങ്ങളും, 5 വർഷത്തെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെയും പദ്ധതിയുടെ ഭാഗമായി കെൽട്രോൺ നൽകിയിട്ടുണ്ട്.<br><br>2022-23 കാലഘട്ടത്തിൽ സേഫ് കേരള പദ്ധതിയുടെ ഭാഗമായി നടത്തിയ “സ്പെഷ്യൽ ഡ്രൈവ്വു കളുടെ പട്ടിക അനുബന്ധം -ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം 1</u>

| സ്പെഷ്യൽ ഡ്രൈവുകൾ | | |
|---|---|---|
| ക്രമ നം. | സ്പെഷ്യൽ ഡ്രൈവ് | കാലയളവ് |
| 1 | ഓപ്പറേഷൻ സേഫ് സ്കൂൾ ബസ് | 13/02/2023 – 17/02/2023 |
| 2 | ലെയിൻ ട്രാഫിക് | 22/02/2023 – 25/02/2023 |
| 3 | ഫിറ്റ്നസ് ചെക്കിങ് | |
| 4 | വാക് റൈറ്റ് ലുക്ക് റൈറ്റ് | 17/04/2023 – 23/04/2023 |
| 5 | ലോഡ് പ്രൊജക്ഷൻ,ഓപ്പറേഷൻ ക്ലീൻ | 16/05/2023 – 19/05/2023 |
| 6 | ഓപ്പറേഷൻ രജിസ്ട്രേഷൻ മാർക്ക് | 21/6/2023 – 27/6/2023 |
| 7 | ഓപ്പറേഷൻ ഡെസിബെൽ | 23/11/2023 – 25/11/2023 |
| 8 | ഓപ്പറേഷൻ ഹലോ ടാക്സി | 19/01/2022 – 22/01/2022 |
| 9 | ഓപ്പറേഷൻ സൈലൻസ് | 14/02/2022 – 28/02/2022 |
| 10 | ഓപ്പറേഷൻ ഫോക്കസ് | 04/04/2022 – 13/04/2022 |
| 11 | ഓപ്പറേഷൻ സ്ക്രീൻ | 01/04/2022 – 31/04/2022 |
| 12 | ഓപ്പറേഷൻ ആൽഫ | 06/05/2022 – 12/05/2022<br>25/05/2022 – 05/06/2022 |
| 13 | ഓപ്പറേഷൻ സുരക്ഷാ കവചം | 02/06/2022 – 08/06/2022 |
| 14 | ഓപ്പറേഷൻ സുതാര്യം | 08/06/2022 - 14/06/2022 |
| 15 | ഓപ്പറേഷൻ റേസ് | 22/06/2022 – 05/07/2022 |
| 16 | ഓപ്പറേഷൻ ഫോക്കസ് 2 | 09/07/2022 – 16/07/2022 |
| 17 | ഓപ്പറേഷൻ ഫെയർ | 04/08/2022 – 13/08/2022 |
| 18 | ഓപ്പറേഷൻ ഫോക്കസ് 3 | 07/10/2022 – 30/10/2022 |